# മഹാഭാരതത്തിന്റെ മലയാളപരിഭാഷകൾ

ഡോ. കെ.ജി. പൗലോസ്

മഹാഭാരതത്തെ അടിസ്ഥാനമാക്കി സ്വതന്ത്രഭാരതത്തിലുണ്ടായ ആദ്യത്തെ വിശിഷ്ടകൃതി ധർമ്മവീർ ഭാരതിയുടെ അന്ധയുഗമാണ്. ഹിന്ദിയിൽ ഈ നാടകം (അന്ധ്യുഗ് – The Blind Age) അദ്ദേഹം എഴുതിയത് 1954-ൽ ആണ്. വ്യാസനെപ്പറ്റി ഭാരതി ഒരു അഭിമുഖത്തിൽ പറഞ്ഞതിതാണ് – 'But you know, this Vyasa, he tells nothing but truth, no matter how bitter it may be. I talk to him when ever I have a problem.' അദ്ഭുതപ്പെടാനില്ല. എക്കാലത്തും എവിടെയുമുള്ള കവികളുടെ വ്യാകുലതകൾ വ്യാസൻ പരിഹരിച്ചിട്ടുണ്ട്. അതാണ് കൃഷ്ണദ്വൈപായനന്റെ ഗരിമ!

## അനേകം അടരുകൾ

പരിഭാഷകളെപ്പറ്റിപ്പറയുമ്പോൾ ലിഖിതപാഠങ്ങളെയാണ് നാം ഓർക്കാറുള്ളത്. ലിഖിതപാഠങ്ങളിലല്ല യഥാർത്ഥത്തിലുള്ള ഇതിഹാസത്തിന്റെ സത്ത തേടേണ്ടത്. വായ്മൊഴിപ്പാഠങ്ങളിലാണ് ഇതിഹാസങ്ങൾ ജീവിക്കേണ്ടത്. വ്യാസനിൽ നിന്ന് 30 നൂറ്റാണ്ടുകളെങ്കിലും ദൂരത്താണ് നാം നിൽക്കുന്നത്. മഹാഭാരത്തിന്റെ ഇന്നുനമുക്ക് ലഭിക്കുന്ന ആദ്യത്തെ കയ്യെഴുത്തുപ്രതി കണ്ടെടുത്തത് നീപ്പാളിൽ നിന്ന് 12-ാം നൂറ്റാണ്ടിലാണ്. അതിനുമുൻപുള്ള 18 നൂറ്റാണ്ടുകൾ?

കുരുക്ഷേത്രയുദ്ധത്തിൽ പങ്കെടുത്ത രാജ്യങ്ങളത്രയും ഇന്ന് നാം വിചാരിക്കുന്നതുപോലുള്ള രാഷ്ട്രങ്ങളായിരുന്നില്ല. അത്തരമൊരു നാഗരികത അന്ന് വികസിച്ചിരുന്നില്ല. കുലം, ഗോത്രം, ഗ്രാമം എന്നിങ്ങനെയായിരുന്നു അന്നത്തെ സംവിധാനം. ഗ്രാമങ്ങൾ തമ്മിലുള്ള കലഹമാണ് സംഗ്രാമം – യുദ്ധം. മഹായുദ്ധത്തിൽ പങ്കെടുത്ത പലരും ഗോത്രമുഖ്യന്മാരായിരുന്നു; ദസ്യുക്കൾ, കിരാതന്മാർ, വിവിധതരം വനവാസികൾ. അതിബൃഹത്താണ് മഹാഭാരത്തിലെ ഈ ഗിരിവർഗോപാഖ്യാനം. ഏകലവ്യൻ, ഘടോത്കചൻ തുടങ്ങിയ ചിലരെപ്പറ്റി മാത്രമേ നാം പുറമേയ്ക്ക് കേട്ടിട്ടുള്ളു. ഉത്തരേന്ത്യ മുഴുവൻ കാബൂൾ, അഫ്ഗാനിസ്ഥാൻ, നേപ്പാൾ ഉൾപ്പെടെ, വ്യാപിച്ച വലിയൊരു കാട്ടാളക്കൂട്ടം മഹാഭാരത്തിൽ പങ്കെടുത്തിരുന്നു.

യുദ്ധത്തിൽ പങ്കെടുത്ത ഗിരിജനങ്ങളെക്കുറിച്ചുള്ള വർണ്ണനകൾ ഇതിഹാസത്തിൽ ചിതറിക്കിടക്കുന്നു. പലരും പല സ്വഭാവക്കാരായിരുന്നു. യവനശൗരസേനകാംബോജങ്ങളിലുള്ളവർ ദ്വന്ദ്വയുദ്ധത്തിൽ പേരുകേട്ടവരായിരുന്നു; അമ്പഷ്ഠർക്കിഷ്ടം ഗദായുദ്ധമാണ്; പടിഞ്ഞാറൻ ഗിരിവാസികൾക്ക് ഗജയുദ്ധം. ചാവേർ സ്വഭാവക്കാരാണ് ത്രിഗതന്മാർ, മരി

ച്ചുവീഴുകയല്ലാതെ പിൻതിരിയുകയില്ല. അതാണവരുടെ സ്വഭാവം. അമ്പിൽ വിഷംപുരട്ടുന്നവരാണ് കിരാതന്മാർ. മുറിവിന് ആഴമില്ലെങ്കിലും വിഷവേഗത്തിൽ ശത്രു നശിക്കും. ശകന്മാരും വാഹീകരും കൗശലക്കാരാണ്. തന്ത്രങ്ങളാണ് അവർക്ക് മുഖ്യം. ഉത്തരാതിർത്തിയിലുള്ളവർ കല്ലുപയോഗിച്ചാണ് യുദ്ധം ചെയ്യുന്നത് – അശ്മയുദ്ധം. ഇങ്ങനെ വിവിധതരം ആയോധനമുറകളറിയുന്ന 361 ഗിരിവർഗ്ഗക്കാർ മഹാഭാരതയുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഇതിൽ പാണ്ഡവപക്ഷത്തു ചേർന്ന മുപ്പത്തിയെട്ടു കൂട്ടരേയും കൗരവപക്ഷത്തു ചേർന്ന 59 കൂട്ടരേയും നരവംശശാസ്ത്രജ്ഞന്മാർ തിരിച്ചറിഞ്ഞിട്ടുണ്ട്. 264 വനവാസിവിഭാഗങ്ങളെ പൂർണ്ണമായും തിരിച്ചറിഞ്ഞിട്ടില്ല. ഒരുപക്ഷേ, പല വർഗ്ഗങ്ങളും നശിച്ചിട്ടുണ്ടാകാം, ഇല്ലെങ്കിൽ തിരിച്ചറിയാത്തവിധം മറ്റു വർഗ്ഗങ്ങളിൽ ലയിച്ചിട്ടുണ്ടാകാം. അവയെപ്പറ്റിയുള്ള പഠനങ്ങൾ തുടരുന്നു. മഹാഭാരതയുദ്ധത്തിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും നാഗരികസമൂഹങ്ങളായിരുന്നില്ല. ആദിവാസക്കൂട്ടങ്ങളായിരുന്നു എന്നർത്ഥം.

യുദ്ധത്തിൽ പങ്കെടുത്ത ആദിവാസികളിൽ അധികംപേരും അവിടെത്തന്നെ മരിച്ചുവീണു. അവശേഷിച്ചവർ വീരഗാഥകളുമായിട്ടാണ് താന്താങ്ങളുടെ ഇടങ്ങളിലേയ്ക്ക് മടങ്ങിയത്. മടങ്ങാൻ പറ്റാത്തവരുടെ വീരസ്മൃതികൾ കാട്ടിലിരിക്കുന്നവർ ഗാഥകളായി പാടി. അങ്ങനെ ഓരോ വനത്തിലും ജനപദത്തിലും താന്താങ്ങളുടെ വംശസ്മൃതികൾ യുദ്ധവുമായി ബന്ധപ്പെട്ട് ഉണ്ടായി. എല്ലാ വനത്തിലും പാണ്ഡവൻപാറകളും കുന്തിപ്പുഴകളും രൂപപ്പെട്ടു. പാണ്ഡവന്മാർ ഇരുന്നതും നടന്നതുമായ ഇടങ്ങൾ ഓരോ ഊരിലുമുരുത്തിരിഞ്ഞു. ഒരു യുദ്ധഗാഥ ഗോത്രസ്മൃതിയായി ഇഴുകി ഓരോ സമൂഹത്തിലും അബോധതലത്തിൽ നിലനിന്നു. വാമൊഴികളായി അവരതിനെ നിലനിർത്തി; തലമുറകളിൽനിന്ന് തലമുറകളിലേയ്ക്ക് പകർത്തി. ഓരോ തലമുറയും തങ്ങളുടെ പങ്ക് അതിനോട് കൂട്ടിച്ചേർക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ഈ വായ്മൊഴിപ്പാരമ്പര്യമാണ് ഏത് ശുദ്ധസംസ്കരണത്തേക്കാളും കലർപ്പില്ലാതെ ഭാരതപാരമ്പര്യത്തെ സജീവമായി നിലനിർത്തുന്നത്.

ഈ നിരക്ഷരർ ഗണപതിയുടെ ലേഖനങ്ങൾ വായിച്ചിട്ടില്ല, സഞ്ജയന്റെ പത്രക്കുറിപ്പുകളും അവർക്കറിയില്ല. അവരെല്ലാം കണ്ടു. അവരുടെ വ്യാസൻ തോൽക്കുന്നവർക്കൊപ്പമായിരുന്നു. രാജസ്ഥാനിലെ ഒരു നാടോടിക്കഥ അനുസരിച്ച്, ഭീമന് നാഗകന്യകയിലുണ്ടായ ബാർബറിക് എന്ന പുത്രൻ യുദ്ധം തുടങ്ങുംമുൻപേ കുരുക്ഷേത്രത്തിലെത്തി. മൂന്ന് അസ്ത്രങ്ങളാണ് അദ്ദേഹത്തിന്റെ കയ്യിലുള്ളത്. ഒന്നുകൊണ്ട് പാണ്ഡവരെ നശിപ്പിക്കും, മറ്റൊന്നുകൊണ്ട് കൗരവരെ, മൂന്നാമത്തത് ശ്രീകൃഷ്ണനെ വധിക്കാൻ. സംഗതി സത്യമാണെന്ന് പരീക്ഷിച്ചപ്പോൾ, എല്ലാവർക്കും ബോദ്ധ്യമായി. ഇയാളുടെ വീര്യമഹിമഗ്രഹിച്ച ശ്രീകൃഷ്ണൻ അന്വേഷിച്ചു – ആരുടെ പക്ഷത്താണ് യുദ്ധം ചെയ്യുകയെന്ന്. 'തോൽക്കുന്നവരുടെ കൂടെ' എന്നായിരുന്നു മറുപടി. അപകടം ഭഗവാന് ബോദ്ധ്യമായി. അദ്ദേഹം ചോദിച്ചു – 'ഞാൻ കാണിക്കുന്ന ഒരു വീരനെ കൊന്നുതരുമോ'? ബാർബറിക് പ്രതിജ്ഞ ചെയ്തു. ശ്രീകൃഷ്ണൻ കണ്ണാടി അദ്ദേഹത്തിന്റെ നേരെ തിരിച്ചു. ചതി

ക്കപ്പെട്ടത് മനസ്സിലായെങ്കിലും മടിക്കാതെ ആ വീരൻ കഴുത്തറുത്ത് ശിരസ്സ് ശ്രീകൃ ഷ്ണന് സമർപ്പിച്ചു. ഒരു ദുഃഖമേ ആ തരുണന് ഉണ്ടായിരുന്നുള്ളൂ – 'യുദ്ധം കാണാൻ കഴിഞ്ഞില്ല'. ഭഗവാൻ പരിഹാരമുണ്ടാക്കി. ശിരസ്സിന് ജീവൻ കൊടുത്തു, ഉയർന്ന സ്ഥലത്ത് പ്രതിഷ്ഠിച്ചു. എല്ലാം കാണാം, സംസാരിക്കാം; ഒന്നിലും പങ്കെടുക്കാനാവില്ല. കുരുക്ഷേത്രയുദ്ധത്തിന് ഒരു പ്രവാചകദൃഷ്ടിയായി സംസാരിക്കുന്ന ശിരസ്സ് എല്ലാം കണ്ടും മനസ്സിലാക്കിയും ഉയരത്തിൽ നിലകൊണ്ടു. അതാണ് വ്യാസൻ – തോറ്റവരുടെ തമ്പു രാൻ! നമ്മുടെ ക്ഷണക്കത്തിൽ കൊടുത്തിരിക്കുന്ന ആക്ഷിപ്തവസ്ത്രയായ ദ്രൗപദി യുടെ കൂടെയാണ് വ്യാസൻ; അന്ധനായ നൃപതിക്കൊപ്പമല്ല.

> ന ധർമസൗക്ഷ്മ്യാത് സുഭഗേ വിവക്തും
> ശക്നോമി തേ പ്രശ്നമിമം യഥാവത്

എന്നു പറയാനായിരുന്നു മഹാവിദ്വാനായ ഭീഷ്മർ വാതുറന്നത്.

മഹാഭാരതത്തിന്റെ ഈ അടിയാള അടരിനെപ്പറ്റി നാമും മൗനം ഭജിക്കുന്നു. സംസ്കൃത ത്തിൽ അച്ചടിച്ചതോടെ മഹാഭാരതത്തിന് അടിവേരുകൾ നഷ്ടപ്പെട്ടു. മഹാഭാരതം സർവ കലാശാലാ പണ്ഡിതന്മാർക്ക് പഠവിഷയമായതോടെ ബാർബറിക്കിന്റെ വെട്ടിയെടുത്ത ശിരസ്സും ദ്രൗപദിയുടെ അഴിഞ്ഞുലഞ്ഞ മുടിയും കാണാനുള്ള കണ്ണുകൾ നമുക്ക് നഷ്ട പ്പെട്ടു. ഭീഷ്മരെപ്പോലെ നമ്മളും മൗനികളായി. ഇവരുടെ കണ്ണുകൾ തുറക്കാനാണ്, മൗനമുദ്രകൾ തകർക്കാനാണ് എഴുത്തച്ഛനെപ്പോലുള്ളവർ വാചാലരായത്; എന്നും തോൽക്കാൻ വിധിക്കപ്പെട്ടവർക്ക് വ്യാസനെ അവർ പരിചയപ്പെടുത്തി. മഹാഭാരതത്തിന്റെ പ്രാദേശികഭാഷകളിലുള്ള പരിഭാഷകളുടെ ലക്ഷ്യം അതായിരുന്നു. ഇത് തിരിച്ചറിയാതെ തർജ്ജമകളെപ്പറ്റി ഉപന്യാസമെഴുതുന്നതിൽ അർത്ഥമില്ല.

കേരളത്തിൽ വ്യാസപൈതൃകം നേരിട്ടവകാശപ്പെടുന്നത് ധീവരസമൂഹമാണ്. പി.എസ്. വാരിയരുടെ സംഗീതശാകുന്തളത്തിൽ മോതിരം കിട്ടിയ മുക്കുവന്റെ പ്രവേശം വിസ്ത രിച്ചുള്ള അഭിനയത്തിനുള്ള വേദിയാണ്. തന്റെ കുലമഹിമയെ വർണിക്കുന്ന ദീർഘ മായ ഒരു സ്വാഗതഭാഷണത്തോടെയാണ് മുക്കുവൻ പ്രവേശിക്കുന്നത്. ധീ(ബുദ്ധി) വരൻ(ശ്രേഷ്ഠൻ) എന്ന പേരുതന്നെ ആ സമൂഹത്തിലുള്ളവരുടെ ബുദ്ധിസാമർത്ഥ്യത്തെ കുറിക്കുന്നു. ബുദ്ധി മാത്രമല്ല, കുലമഹിമയുമുണ്ട്. സത്യവതി എന്ന മുക്കുവപ്പെണ്ണിന്റെ മകനാണല്ലോ വ്യാസൻ. ആ വ്യാസന്റെ മക്കളാണ് ധൃതരാഷ്ട്രരും പാണ്ഡുവും വിദുരരും. അവരുടെ സന്തതിപരമ്പരയായ ചന്ദ്രവംശം തന്നെ മുക്കുവവംശമാണ്.ഇതിൽപ്പ രമൊരു കുലമഹിമ ആർക്കുമില്ല എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അതാണ് മുക്കുവ സമൂഹത്തിന്റെ മഹത്ത്വം.

അരയന്മാരെപ്പോലെയല്ലെങ്കിലും മലയരയന്മാരും മഹാഭാരതത്തോട് ബന്ധം അവകാ ശപ്പെടുന്നുണ്ട്; സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും എന്ന നിലയിലാണെന്നു മാത്രം. പാണ്ഡവന്മാർ വനവാസകാലത്ത് മലയരയന്മാരോടുകൂടിയാണ് കഴിഞ്ഞിരുന്നത്. കുറ

വന്മാരും അങ്ങനെതന്നെ വിശ്വസിക്കുന്നു. അവരുടെയിടയിൽ ഭാരതകഥകൾ ചൊല്ലുന്ന പല കുറത്തിത്തോറ്റങ്ങളും പ്രചാരത്തിലുണ്ട്. രസകരമായ ഒരു ചടങ്ങ് അവർക്കുണ്ട്. ശ്രീകൃഷ്ണന്റെ ശരീരത്തിൽ പാപമകറ്റുന്നതിനുള്ള പൂജകളാണത്. കൗരവന്മാർ മരിച്ച തിനുകാരണം ശ്രീകൃഷ്ണനാണ്. ആ പാപം ശരീരത്തിൽനിന്ന് ഉഴിഞ്ഞുകളയണമത്രേ. അവരുടെയിടയിൽ പ്രചാരത്തിലുള്ള മാവാരതംപാട്ടിന്റെ വിവരണങ്ങൾ രസകരങ്ങളാണ്. പാണ്ഡവന്മാരെ ദ്രോഹിക്കാൻ കൗരവന്മാർ നടത്തുന്ന പലതരത്തിലുള്ള നീചപ്രവൃത്തികളാണ് ഇതിലെ പ്രതിപാദ്യം. പലവിധത്തിൽ പാണ്ഡവന്മാരെ നശിപ്പിക്കാൻ ശ്രമിച്ചിട്ടും സാധിക്കാതെ വന്നപ്പോൾ ഇനി ആഭിചാരം തന്നെ രക്ഷ എന്ന് ദുര്യോധനൻ നിശ്ചയിച്ചു. നിഴൽക്കുത്ത് എന്ന കർമ്മം നടത്തി അവരെ കൊല്ലുവാൻ ദുര്യോധനൻ കുറവനോട് ആജ്ഞാപിക്കുന്നു. അയാൾ പാണ്ഡവന്മാരുടെ ബന്ധുവാണ്. മാത്രമല്ല അയാളുടെ കുറത്തി ആണ് പാണ്ഡവന്മാർക്ക് തിന്നുവാൻ നിത്യവും നല്ല കിഴങ്ങുകൾ ശേഖരിച്ചുകൊടുക്കുന്നത്. അതുകൊണ്ട് ദുര്യോധനന്റെ ആജ്ഞയെ അനുസരിക്കാൻ കുറവന് കഴിയുന്നില്ല. നേരിട്ടെതിർക്കാനും വയ്യ. ആഭിചാരത്തിന് ഒരിടത്തും കിട്ടാത്ത സാധനങ്ങൾ കൊണ്ടുവരുവാൻ അയാൾ ആവശ്യപ്പെടുന്നു. ആനമുട്ട, കുതിരമുട്ട, അമ്മിവേര്, നിലാവിൻകുരുന്ന്, ഇരുളിൻപട്ട തുടങ്ങിയവയാണ് കുറവന്റെ കുറിപ്പടിയിലുള്ളത്. ദുര്യോധനന് കുറവന്റെ ഉള്ളിലിരിപ്പ് വെളിവായി. അവനെ വെട്ടാൻ വാളെടുത്തു. പ്രാണഭീതിയോടെ അവൻ സമ്മതിച്ചു. ആഭിചാരം നടത്തി. പാണ്ഡവന്മാർ ബോധംകെട്ടു നിലത്തു വീണു. കുറത്തി കാര്യം ഗ്രഹിച്ചു. അവൾ ഓടി പാണ്ഡവരുടെ അടുത്തെത്തി. നിഴൽക്കുത്ത് മാറ്റാനുള്ള മന്ത്രം ചൊല്ലി; മാവാരതം പാട്ടുപാടി പാണ്ഡവരെ ഉണർത്തി.

വേലന്മാരുടെ ഇടയിലും ഈ കഥയ്ക്ക് പ്രചാരമുണ്ട്. അവരും കുലാഭിമാനികളാണ്. പണ്ട് മഹാവിഷ്ണുവിനും ലക്ഷ്മീദേവിക്കും നാവുദോഷം ബാധിച്ചു. ദോഷം മാറ്റാൻ പരമേശ്വരൻ വേദൻ എന്ന പേരുള്ള ദേവനെ സൃഷ്ടിച്ചു. വേദൻ അവരുടെ ദീനം ഭേദമാക്കി. ആ വേദന്റെ പിൻമുറക്കാരാണത്രേ വേലന്മാർ. വേദൻ എന്നത് കാലക്രമത്തിൽ വേലൻ എന്നായി മാറി. വേലന്മാർ ചികിത്സകരാകുന്നതങ്ങനെയാണ്. ഇവർക്കുമുണ്ട് പാണ്ഡവരോട് സൗഹൃദം. ഇവരുടെ കഥയിലെ മാറ്റമിതാണ്. നിഴൽക്കുത്തിൽ പഞ്ചപാണ്ഡവരെക്കൂടാതെ കുന്തിയും പാഞ്ചാലിയും ശ്രീകൃഷ്ണനും പെട്ടു. അതറിഞ്ഞ ദുര്യോധനൻ പഞ്ചപാണ്ഡവന്മാരോട് മാത്രമേ തനിക്ക് വൈരമുള്ളൂ, അവരെ മാത്രം നശിപ്പിച്ചാൽ മതിയെന്നും പറയുന്നു.

പുലയരുടെ പാട്ടിലുമുണ്ട് ഈ ആഭിചാരകഥ. അവിടെ വീമൻ (ഭീമൻ) പന്നിയുടെ രൂപമെടുത്ത് ദുരിയോധനനെ കൊല്ലാനടുത്തെത്തിയെന്നും കുന്തി ഓടിച്ചെന്ന് തടഞ്ഞെന്നുമാണ് വിവരണം.

1. ചേരസാമ്രാജ്യം - കുലശേഖരൻ (9-12)
   മതിമന്ഥരമഥിത മഹാഭാരത.............. ജ്ഞാനാമൃതസ്യ
2. നിരണം കവികൾ - 14-15
3. എഴുത്തച്ഛൻ - 16 - ഭക്തി - വിമോചനമാർഗ്ഗം
4. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ - 1966 - പച്ചമലയാളം.
5. കണ്ണമ്പുഴ എസ്. കൃഷ്ണവാരിയർ - 1951 - മലയാളവ്യാഖ്യാനം.
6. വിദ്വാൻ കെ. പ്രകാശം - 1968 - ഗദ്യം - മകളുടെ ദുഃഖം.

---

കെ.ജി. പൗലോസ്: അധ്യാപകൻ; പ്രിൻസിപ്പൽ, സംസ്കൃതകോളേജ്; റജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; വൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാശാലാ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡിയിൽ ഫെല്ലോ ആയിരുന്നു. E-mail: kgpaulose@gmail.com, www.kgpaulose@info.com.